## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 362** **28.05.2019 - ൽ മറുപടിക്ക്.**

### പുതിയ റേഷൻ കാർഡുകൾക്ക് മുൻഗണന പട്ടിക

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എൻ. വിജയൻ പിള്ള :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പുതിയ റേഷൻ കാർഡിനായി അപേക്ഷിക്കുന്നവരിൽ വരുമാനം കുറഞ്ഞവരെയും പൊതുവിഭാഗത്തിൽപ്പെട്ടുത്തിയാണ് റേഷൻകാർഡ് വിതരണം ചെയ്യുന്നത് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം അറിയിക്കുമോ; | (എ) രണ്ടു മുൻഗണനാ കാർഡുകളിൽ നിന്നും അംഗങ്ങളെ മാറ്റി പുതിയ റേഷൻ കാർഡുണ്ടാക്കുമ്പോൾ അവർക്ക് മുൻഗണനാ കാർഡ് ലഭിക്കുന്നതാണ്. എന്നാൽ മുൻഗണനേതര കാർഡുകളിൽ നിന്നും അംഗങ്ങളെ മാറ്റി പുതിയ കാർഡ് നൽകുമ്പോൾ അവർക്ക് പൊതുവിഭാഗം കാർഡാണ് ലഭ്യമാകുന്നത്. 25,000/- രൂപയിൽ കൂടുതൽ മാസവരുമാനമുണ്ടെങ്കിൽ ആ കാർഡ് പൊതുവിഭാഗത്തിലേ ഉൾപ്പെടുകയുള്ളൂ. അല്ലാത്ത പക്ഷം അപേക്ഷ നൽകുന്ന മുറയ്ക്ക് 18.09.2017 ലെ സ.ഉ.(സാധാ) നം.320/2017/ഭ.പൊ.വി.വ. പ്രകാരം പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി യോഗ്യതയുള്ള പക്ഷം മുൻഗണനാ പട്ടികയിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തി ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) വരുമാനം കുറഞ്ഞവരെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) |

Note: (എ) യും (ബി) യും ഒരുമിച്ചാണ് മറുപടി നൽകിയിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**